## മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

## സോഷ്യല് ഓഡിറ്റ് റിപ്പോർട്ട്

## അഴൂർ ഗ്രാമപഞ്ചായത്ത്

വാർഡ് (2) അഴൂർ ക്ഷേത്രം

പോത്തൻകോട് ബ്ലോക്ക്

തിരുവനന്തപുരം ജില്ല

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ.

21-11-2019 വ്യാഴം

രാവിലെ 10:00

അഴൂർ ക്ഷേത്രം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം

സോഷ്യല് ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോൺ നമ്പർ 0471-2724696.Email.keralasocialaudit@gmail.com

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു. 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 200 ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിച്ചു. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008ൽ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് ബ്ലോക്കിൽ അഴൂർ ഗ്രാമപഞ്ചായത്തിൽ അഴൂർ ക്ഷേത്രം, രണ്ടാം വാർഡിലെ 2018- 19 ഒക്ടോബർ 1മുതൽ മാർച്ച് 31 വരയെുള്ള കാലയളവിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് .

അഴൂർ ഗ്രാമപഞ്ചായത്തിൽ ആകെ 6,171 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 3094 ആക്ടീവ് തൊഴിൽകാർഡ് കുടുംബങ്ങൾ ഉണ്ട് .രണ്ടാം വാർഡ് ആയ അഴൂർ ക്ഷേത്രം വാർഡിൽ 488 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 264 ആക്റ്റീവ് തൊഴിൽകാർഡ് കുടുംബങ്ങൾ ഉണ്ട്.

**പരിശോധിച്ച ഫയലുകൾ**

**DP /27773 ഹരിത കരേള മിഷൻ പാട്ടകൃഷി**

**DP /270927 പാട്ടകൃഷി കരേ JLG (ഷീബ)**

**DP /267896 പാട്ടകൃഷി ചൈതന്യ**

**DP /267901 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ (ശാന്തകുമാരി )**

**DP /267908 പാട്ടകൃഷി കർഷകമിത്ര( രജനി )**

**DP /267903 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ( ഷീബ)**

**DP /267899 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ (സുധാമണി)**

**DP /267897 പാട്ടകൃഷി (ശ്രീഭദ്ര )**

**DP /277732 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ**

**DP /267902 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ (രജനി )**

**DP /270926 പാട്ടകൃഷി കർഷകശ്രീ (സുപ്രഭ.)**

**DP /270934 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ ശിവശക്തി( നളിന കുമാരി )**

**DP /320582 അഴൂർ കടവ് കുഴിയം തോട് നവീകരണവും ഭൂവസ്ത്ര വിധാനവും**

**DP /304152 കുഴിയൻ തോട് നവീകരണവും ഭൂവസ്ത്ര വിധാനവും**

**<u>DP /267904പാട്ടകൃഷി കഥളി (പത്മിനി)</u>**

**ഫയൽ പരിശോധിച്ചതിൽ നിന്നും**

■ amc പ്രകാരമുള്ള കവർപജേ് മുകളിൽ പറഞ്ഞ ഫയലുകളിൽ ഒന്നും കാണാൻ കഴിഞ്ഞില്ല.

■ ചക്കെ് ലിസ്റ്റ് ഓഫ് ഡോക്യുമന്റെ് ഉണ്ടായിരുന്നില്ല .

■ആക്ഷൻ പ്ലാൻ dp /277773, dp/277732 ഫയലുകളിൽ ഇല്ലായിരുന്നു. ബാക്കി എല്ലാ ഫയലുകളിൽ ഉണ്ടായിരുന്നു.

■ഡീറ്റൈൽഡ് എസ്റ്റിമറേ്റ് കോപ്പി സക്കെവറിൽ നിന്നും ലഭിച്ചത് ഉണ്ടായിരുന്നു.

■ സാങ്കതേിക അനുമതി സക്കെവറിൽ നിന്നും ലഭിച്ചതും പഞ്ചായത്തിൽ നിന്നും ലഭ്യമായ കോപ്പിയും ഉണ്ടായിരുന്നു.

■ സക്കെവറിൽ നിന്നും ലഭിച്ച കോപ്പിയിൽ ബന്ധപ്പടെ്ട ഉദ്യോഗസ്ഥൻ റെ ഒപ്പും സീലും ഇല്ലായിരുന്നു.

■ ഭരണാനുമതി ഉണ്ടായിരുന്നു .ബന്ധപ്പടെ്ട ഉദ്യോഗസ്ഥൻ റെ ഒപ്പും സീലും ഇല്ലായിരുന്നു.

■ വർക്ക് അല്ലോകഷേൻ wh/320582, dp/277733 എന്നീ ഫയലുകളിൽ ഇല്ല മറ്റുള്ളവയിൽ ഉണ്ട് .

■വജേ് ലിസ്റ്റ് , fto ഇല്ലായിരുന്നു.

■എം ബുക്ക് എല്ലാ ഫയലുകളിലും ഉണ്ടായിരുന്നു

■wh/304152 12 മസ്റ്ററോള്ളുകൾ ഉള്ളതിൽ രണ്ട് എണ്ണം ക്യാൻസൽ ചയ്തെു .

■dp/267904 ല് മസ്റ്ററോൾ നമ്പർ 13979 ൽ ടോട്ടൽകാശ് പയെ്മന്റെ് എഴുതിയിട്ടില്ല.

- മസ്റ്റ്റോൾ നമ്പർ 13983 ട്രാവലെല്ലിംഗ് എക്സ്പൻസ് കോളത്തിൽ അമൗണ്ട് എഴുതിയിരികുന്നു.

- dp/ 267899 ൽ മസ്റ്റ് റോൾ 4226 ൽ വറൈറ്റ്നർ ഉപയോഗിച്ച് വായിച്ചതിനുശഷേം ചുവന്ന മക്ഷി ഉപയോഗിച്ച് വരച്ചിരുന്നു.

- dp/267897 എന്ന ഫയലിൽ മസ്റ്റ്റോൾ നമ്പർ 18269,18270,18271,18272,18273 എന്ന മസ്റ്റ് റോളുകൾ ക്യാൻസൽ ചയെ്തിരിക്കുന്നു.

- എല്ലാ ഫയലുകളിലും മസ്റ്റ്റോൾ മൂവ്മൻെറ് സ്ലിപ്പ് ഉണ്ടായിരുന്നു

- സറൈറ് ഡയറി dp/267896,dp/267898 എന്നീ ഫയലുകളിൽ ഉണ്ടായിരുന്നു ,ബാക്കിയുള്ള ഫയലുകളിൽ ഇല്ലായിരുന്നു .

- ത്രീ സ്റ്റജേ് ഫോട്ടോഗ്രാഫ് ഫയലുകളിൽ ഉൾപ്പടെുത്തിയിട്ടില്ല ആയിരുന്നു.

- ജിയോ ടാഗ് ഫോട്ടോഗ്രാഫ് ഇല്ലായിരുന്നു.

- ഡ്രോയിങ് ആൻഡ് ഡിസൈൻ ഇല്ലായിരുന്നു .

**ഫീൽഡ് വരെിഫിക്കഷേൻ**

15 ഫയലുകളിൽ ആയി 52 സറൈറുകളാണ് സന്ദർശിച്ചത്. കാടുവട്ടെി തളിക്കൽ, വള്ളെം വറ്റിക്കൽ ,വശങ്ങൾ അരിഞ്ഞു വീതി കൂട്ടുന്ന രീതി ,ചളി കോരൽ, വശങ്ങൾ മണ്ണിട്ട് ബലപ്പടെുത്തൽ ഇവയല്ലൊംതന്നെ തോട് നവീകരണത്തിൽ ചയെ്തിട്ടുണ്ടങ്കെിലും ഇപ്പോൾ ഭാഗികമായി നശിച്ച നിലയിലാണ് കാണാൻ സാധിച്ചത്. ഇപ്പോൾ തോടുകൾ പുല്ലു കയറി കയറിയ നിലയിലായിരുന്നു. ഭൂവസ്ത്രവിധാനം നശിച്ച നിലയിൽ ആയിരുന്നു. ഹരിത കരേള മിഷൻ എന്ന ഫയലിലെ ഫീൽഡ് പരിശോധിച്ചതിൽ ശലൈജ എന്ന ആളുടെ പുരയിടത്തിൽ പണി ചയെ്യാൻ സാധിച്ചില്ല. പാട്ടകൃഷി ഫീൽഡ് പരിശോധിച്ചതിൽ നിന്ന് മരിച്ചീനി, വാഴ, പച്ചകറികൾ, ജവൈവലേി എന്നിവ കാണാൻ കഴിഞ്ഞു . ഭൂവികസന പ്രവർത്തനങ്ങളിൽ താര, തടം,ബഡെ് തുടങ്ങിയവ അവർ കാണാൻ സാധിച്ചു. വസ്തുക്കൾ കാടുകയറിയ നിലയിലായിരുന്നു.

## <u>ഡോർ ടു ഡോർ വെരിഫിക്കഷേൻ</u>

ഭൂരിഭാഗം തൊഴിലാളികൾക്കും 100 പണി ലഭ്യമായിരുന്നില്ല .സി ഐ ബി സ്ഥാപിച്ചതിന് തുക കിട്ടിയിട്ടില്ല . സിദ്ധാർത്ഥൻ എന്ന തൊഴിലാളിക്ക് ഇതുവരെയും കൂലി ലഭിച്ചിട്ടില്ല. സീനത്ത് എന്ന തൊഴിലാളി പണി ചെയ്ത 14 ദിവസത്തെ കൂലി ഇതുവരെയും ലഭ്യമായിട്ടില്ല .ഗിരിജ എന്ന തൊഴിലാളി 100 ദിവസത്തെ ജോലി ലഭിച്ചു , പക്ഷേ ബോണസ് ആയിരം രൂപ ലഭിച്ചിട്ടില്ല. സന്ദർശിച്ച സൈറ്റുകളിലെ തൊഴിലാളികൾക്ക് ശരാശരി 25 പണി വീതമാണ് ലഭിച്ചത്. ഈ സാമ്പത്തിക വർഷം 100 പണി ലഭ്യമാകുമോ എന്ന കാര്യത്തിൽ അവർ ആശങ്ക പ്രകടിപ്പിച്ചു.കയ്യുറ,കാലുറ എന്നിവ നിർബന്ധമായും ലഭിക്കണമെന്ന് ആവശ്യപ്പെട്ടു .

## <u>സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്</u>

21- 11 -19 തീയതി കൃത്യം പത്തു മണിക്ക്അഴൂർ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡായ അഴൂർ ക്ഷേത്രം വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അഴൂർ ക്ഷേത്രം ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. 100 പണി പൂർത്തിയായ പൊന്നമ്പിളി അധ്യക്ഷ സ്ഥാനം കൈവരിച്ചു. ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. vrp ഉൽപ്രേക്ഷ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.മെമ്പർ സുര ,vrp അഖിൽ,vrp ലീന,vrp ഉൽപ്രേക്ഷ,vrpദിവ്യ ,vrpമോനിഷ ഓവർസിയർ സോണ എന്നിവരെ സ്വാഗതം ചെയ്തു .തുടർന്ന് ആമുഖം പ്രസംഗം അതിനായി മെമ്പർ സുരേഷ് vrp ദിവ്യയെ ക്ഷണിച്ചു .തുടർന്ന് അവകാശങ്ങൾ തൊഴിലാളികൾക്ക് വിശദീകരിക്കുകയും,തൊഴിലുറപ്പ് പദ്ധതിയെ കുറിച്ച് ഒരു ധാരണ നൽകുകയും ചെയ്തു. അതിനു ശേഷം റിപ്പോർട്ട് അവതരണത്തിനായി vrp ലീനയെ സ്വാഗതം ചെയ്തു.1 ഒക്ടോബർ 2018 മുതൽ 2019 മാർച്ച് 31 വരെയുള്ള റിപ്പോർട്ട് അവതരണം നൽകി. റിപ്പോർട്ടിന് ശേഷം തൊഴിലാളികളുടെ അഭിപ്രായങ്ങളുടെയും ചർച്ചയുടെയും സമയമായിരുന്നു .

■ഇന്ദിര :ജോലിസമയം നാലുമണിവരെ ആകണം. രണ്ടു പേരുള്ള ഒരു തൊഴിലുറപ്പ് കാർഡിൽ ഓരോരുത്തർക്കും 100 പണി വീതം ലഭിക്കണം.

■ ശാന്തിനി : രണ്ടു പേരേടങ്ങിയ കാർഡിൽ 50 വീതം ചെയ്തു .അതിൽ വിജയ്

കുമാറിൻറെ 20 ദിവസത്തെ വേതനം ലഭിച്ചിട്ടില്ല.

- സരിത :കൂലി കൂട്ടണം ,കുടിവെള്ള ശേഖരണത്തിന് ബുദ്ധിമുട്ടുള്ളതിനാൽ നാലുമണി സമയത്തിന് പോകാൻ അനുവദിക്കണം.
- രജനി മനു : കൃത്യസമയത്തിനുള്ളിൽ മസ്റ്റർ റോൾ അടിച്ചു കിട്ടണം.
- സതി : കയ്യുറ കാലുറ ലഭിക്കണം .താമരാക്ഷൻ 54 ദിവസത്തെ പണി ചെയ്തു.7,700 രൂപയെ ലഭിച്ചുള്ളൂ ബാലൻസ് കിട്ടാനുണ്ട്.
- സുധർമ : 76 ദിവസത്തെ പണി ലഭിച്ചുള്ളൂ. എല്ലാവർക്കും നൂറു പണി ലഭിക്കണം.

<u>**മറുപടി**</u>

ഓവർസിയർ പറഞ്ഞു

- 100 പണി ലഭ്യമാകാത്തത് കാരണം മെറ്റീരിയൽ വർക്ക് കൂടി ഉൾപ്പെടുത്തണമെന്ന് ഓർഡർ ഉള്ളതുകൊണ്ടാണ് .
- ഭൂവികസനം ആദ്യം ചെയ്യേണ്ട എന്നാണ് പറയുന്നത്
- കയ്യുറ , കാലുറ നിർബന്ധമാക്കും
- കഴിഞ്ഞ പണിയിൽ ഇതുവരെയും കൂലി ലഭിക്കാത്തത് ഫണ്ട് വരാത്തത് കൊണ്ടാണ്.
- പഞ്ചായത്ത് കുടിവെള്ളം എടുക്കാൻ നാലു മണിക്ക് പോകണം എന്നുള്ളതിനാൽ സമയം അനുവദിക്കണമെന്ന് സെക്രട്ടറിയോട് പറയണം .
- റോഡ് പണി ചെയ്തതിൻറെ കൂലി ഫണ്ട് വരുന്നതിനനുസരിച്ച് കൊടുക്കും .
- കഴിഞ്ഞ വർഷത്തെ ജോലി ചെയ്തതിന് കൂലി ലഭിക്കാത്തവർ ബന്ധപ്പെട്ട രേഖകൾ എടുത്തു പഞ്ചായത്ത് ഓഫീസിൽ എത്താൻ മേറ്റ്പറഞ്ഞു .

vrp അഖിൽ നന്ദി രേഖപ്പെടുത്തി. ദേശീയ ഗാനത്തോടെ ഗ്രാമസഭ സഭ പിരിച്ചു വിട്ടു.

**ന്യൂനതകൾ**

സി ഐ ബി ക്ക് ചിലവായ തുക ലഭിക്കുന്നില്ല

കൃത്യസമയത്തിനുള്ളിൽ കൂലി ലഭിക്കുന്നില്ല

100 ദിവസത്തെ പണി ലഭിക്കുന്നില്ല